/71178/2022

YEARS OF CELEBRATING THE MAHATMA

Break the chain

**<u>സംയോജിത ശിശു സംരക്ഷണ പദ്ധതി (മിഷന് വാത്സല്യ)</u>**

**<u>സ്റ്റേറ്റ് ചൈല്ഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ</u>**

**<u>(ഹാജർ: പ്രിയങ്ക. ജി .IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )</u>**

ഉത്തരവ് നം. DWCD/2179/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 13-12-2022

---

വിഷയം: വനിതാ ശിശു വികസന വകുപ്പ്-ഐ.സി.പി.എസ് (മിഷൻ വാത്സല്യ ) - ബാൽ ശക്തി പുരസ്കാർ (National Child Award for Exceptional Achievement) ജേതാക്കൾക്ക് 2021 വർഷത്തെ Stipend തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : 1. സർക്കാർ ഉത്തരവ് നം.സ.ഉ.(സാധാ) നം.488/2022/WCDD തീയതി:08/11/2022

2. ഈ കാര്യാലയത്തിലെ 21.11.2022 ലെ ഇതേ നമ്പർ വിജ്ഞാപനം.

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം വർഷാവർഷങ്ങളിൽ നൽകി വരുന്ന ബാൽ ശക്തി പുരസ്കാർ (National Child Award for Exceptional Achievement) കരസ്ഥമാക്കിയിട്ടുള്ള സംസ്ഥാനത്തെ കുട്ടികൾക്കു പ്രോത്സാഹനം നൽകുക എന്ന ഉദ്ദേശത്തോടുകൂടി കുട്ടികൾക്ക് 18 വയസു പൂർത്തിയാകുന്നത് വരെ സ്വർണ്ണ മെഡൽ ജേതാക്കൾക്ക് പ്രതിവർഷം 7500/- രൂപയും വെള്ളി മെഡൽ ജേതാകൾക്ക് പ്രതിവർഷം 5000/-രൂപയും Stipend അനുവദിക്കുവാൻ പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2021 വർഷത്തിൽ Stipend ലഭിക്കാൻ അർഹരായവരിൽ നിന്നും പരാമർശം 2 പ്രകാരം അപേക്ഷ ക്ഷണിക്കുകയുണ്ടായി. അയതിൻപ്രകാരം ജില്ലാ ശിശു സംരക്ഷണ ഓഫീസറിൽ നിന്നും ലഭ്യമായ അപേക്ഷകളിൽ 4 അപേക്ഷകൾ stipend-നു അർഹരായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കേന്ദ്രസർക്കാരിന്റെ ബാൽ ശക്തി പുരസ്കാർ (National Child Award for Exceptional Achievement) ജേതാക്കൾക്ക് വനിതാ-ശിശു വികസന വകുപ്പ് നൽകുന്ന 2021-ലെ stipend-ന് അർഹരായ 4 കുട്ടികൾക്ക് ആകെ 22,500/-രൂപ (**ഇരുപത്തിരണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം**) ചുവടെ പട്ടിക പ്രകാരം stipend ഇനത്തിൽ അനുവദിച്ചുത്തരവാകുന്നു.

| | **DCPU** | **Name** | **Amount** | **Total** |
|---|---|---|---|---|
| 1 | Thiruvananthapuram | Siddharth Kumar Gopal | 7500 | 12,500/- |
| 2 | Thiruvananthapuram | Akshay V A | 5000 | |
| 3 | Thrissur | Nihal Sarin | 5000 | |
| 4 | Thrissur | Anujath Sindhu | 5000 | 10,000/- |

I/71178/2022

| | | | | |
|---|---|---|---|---|
| | | Vinaylal | | |
| | **Grant Total** | | **22,500/-** | |

22,500/-രൂപ (ഇരുപത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ICPS ന്റെ 2235-02-102-36-01 (P) ശീർഷകത്തിൽ നിന്നും ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അലോട്ടുമെന്റായി നൽകേണ്ടതും , വനിതാ ശിശു വികസന ഓഫീസർ തുക ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് അലോട്ടുമെന്റായി നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക്

<u>പകർപ്പ് :</u>

1. സൂപ്രണ്ട് A സെക്ഷൻ
2. ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക്
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 13-12-2022 01:07:08